പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2895 | 15-02-2013 -ൽ മറുപടിക്ക്

# റാഗിംഗ്

**ചോദ്യം**

ശ്രീ.കെ.എൻ.എ.ഖാദർ :

**ഉത്തരം**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടന്നു വരുന്ന ക്രൂരമായ റാഗിംഗ് തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ; | 'UGC Regulations on curbing the menace of ragging in Higher Educational Institutions 2009', Kerala Prohibition of Ragging Act 1998, എന്നീ റാഗിംഗ് നിരോധന നിയമങ്ങൾ നടപ്പിൽ വരുത്തിയിട്ടുള്ളതാണ്. ഈ നിയമങ്ങളുടെ പിൻബലത്തിൽ സംസ്ഥാന സർക്കാരും, സർവ്വകലാശാലകളും റാഗിംഗ് ഇല്ലാതാക്കാൻ മുൻകരുതൽ എടുത്തിട്ടുണ്ട്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്ഥാപന മേലധികാരികളുടേയും പി.ടി.എ. യുടെയും നേതൃത്വത്തിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ആന്റി റാഗിംഗ് കമ്മിറ്റിയും, ആന്റി റാഗിംഗ് സ്ക്വാഡും രൂപീകരിച്ചും, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുമായി സഹകരിച്ച് കൊണ്ട് റാഗിംഗിനെതിരായ പ്രവർത്തനങ്ങളും, ബോധവൽകരണവും നടത്തിവരുന്നു. അഡ്മിഷൻ ഭാഗമായിത്തന്നെ പ്രോസ്പെക്ടസിൽ റാഗിംഗിന് നൽകുന്ന ശിക്ഷകളെപ്പറ്റി വിവരം നൽകുന്നുണ്ട്. റാഗിംഗ് സംബന്ധമായ ആരോപണം ഉയർന്നാൽ ബന്ധപ്പെട്ട വിദ്യാർത്ഥിയെ സസ്പെന്റ് ചെയ്യുകയും കേസ് കൂടുതൽ അന്വേഷണത്തിനായി പോലീസിന് കൈമാറുകയും ചെയ്യുന്നുണ്ട്. വിദ്യാർത്ഥി കുറ്റക്കാരനാണെന്ന് കണ്ടാൽ വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും പുറത്താക്കുകയും മറ്റ് നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യും. |
| ബി) നിയമനടപടികളുണ്ടായിട്ടും ഇത്തരം ഹീനമായ പ്രവർത്തികൾ തുടർന്നു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| സി) ഉണ്ടെങ്കിൽ ആയത് പൂർണ്ണമായും അവസാനിപ്പിക്കുവാൻ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | |

| | |
|---|---|
| | ഇതൊക്കെയാണെങ്കിലും റാഗിംഗ് ചില ക്യാമ്പസ്സുകളിൽ ഇപ്പോഴും അരങ്ങേറുന്നു എന്നത് ഒരു യാഥാർഥ്യമാണ്. റാഗിംഗ് ഫലപ്രദമായി തടയുന്നതിന് കൂടുതൽ ശക്തമായ നിയമനിർമ്മാണംനടത്തുന്നതിന് വേണ്ടി 1998 - ലെ Kerala Prohibition of Ragging Act ൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ